# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 ഡിസംബർ 13, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

8 (*91) പാചകവാതക വിതരണത്തിലെ ക്രമക്കേട്

ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, പാചകവാതക വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടെന്നും എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം ഏജൻസികളിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് നടത്തിയ റെയ്ഡുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയും 447 സിലിണ്ടറുകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പാചകവാതക സിലിണ്ടർ ഉപഭോക്താവിന്റെ വാസസ്ഥലത്ത് എത്തിച്ചു കൊടുക്കുന്നതിൽ ചില ഏജൻസികൾ വൈമുഖ്യം കാണിക്കുന്നതായുള്ള പരാതികളിൻമേൽ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുവാൻ അതാത് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാചകവാതക വിതരണ

സമയത്ത് വെയിംഗ് മെഷിൻ ഉപയോഗിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്ന ഏജൻസികളുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. പാചകവാതക വിതരണത്തിൽ നിയന്ത്രണമേർപ്പെടുത്തുന്നതിനായി ഓയിൽ കമ്പനികൾ പുതുതായി ഏർപ്പെടുത്തിയ പദ്ധതിമൂലം ഉപഭോക്താക്കൾക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്. ഗ്യാസ് ഏജൻസികൾ തൊഴിലാളികളെ ചൂഷണം ചെയ്യുന്നുവെന്ന പരാതി പരിശോധിച്ച് ഉചിതമായ നടപടികൾ തൊഴിൽ വകുപ്പ് കൈക്കൊള്ളുന്നതാണ്. പാചകവാതക വിതരണം സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിന് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും. ടാങ്കർ അപകടവും ബോട്ടിലിംഗ് പ്ലാന്റിലെ തൊഴിൽ പ്രശ്നങ്ങളും മൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിച്ച് പാചകവാതക വിതരണം സുഗമമായിട്ടുണ്ട്. അനാഥാലയം, ധർമ്മസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് നോൺ സബ്സിഡി നിരക്കിലാണ് പാചകവാതക സിലണ്ടറുകൾ നൽകുന്നതെന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഗ്യാസ് ടാങ്കർ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഗതാഗത വകുപ്പുമന്ത്രിയും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും ലോറി ഉടമകളും ഓയിൽ കമ്പനി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ വാഹനങ്ങൾ പാലിക്കേണ്ട സേഫ്റ്റി നോംസ് കൃത്യമായി പാലിക്കുന്നവർക്ക് മാത്രമേ ലൈസൻസ് നൽകുകയുള്ളുവെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും ഓയിൽ കമ്പനികളുടെ കൈയിൽനിന്ന് പ്രൊഡക്ഷൻ, സപ്ലൈ, കൺസ്യൂമർ സ്ട്രെങ്ത്, മാർക്കറ്റ് ഡിമാൻഡ് എന്നിവ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

സബ്സിഡി നിരക്കിൽ നൽകുന്ന സിലിണ്ടറുകളുടെ എണ്ണം 9 ആക്കുന്നതിനെക്കുറിച്ച് കേന്ദ്രഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്. നിർദ്ദിഷ്ട കൊച്ചി-കായംകുളം, കൊച്ചി-കോയമ്പത്തൂർ, കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ്ലൈൻ പദ്ധതിക്കെതിരെ തെറ്റായ പ്രചരണങ്ങൾ നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം തത്വത്തിൽ കമ്പനികൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ ഭൂമിയുടെ വില കൂടുതലായതുകൊണ്ട് ഇതിന്റെ ബാധ്യത കുറച്ചെങ്കിലും സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കേണ്ടി വരുമെന്നും സ്ഥലമെടുപ്പ് പൂർത്തിയായ പുതുവൈപ്പിനിൽ എൽ.പി.ജി. ടെർമിനൽ നിർമ്മാണം ഏറ്റവും വേഗത്തിൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി സഭയെ അറിയിച്ചു.

9 (*92) <u>റേഷൻ സബ്സിഡി</u>

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നിലവിൽ സബ്സിഡി പദ്ധതിയിൽ ഉൾപ്പെട്ട എ.പി.എൽ കാർഡുകൾക്കു നൽകി വരുന്ന സബ്സിഡി തുക കാർഡുടമകളുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റേഷനരി സബ്സിഡിയോടെതന്നെ വിതരണം

ചെയ്യാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്നും സബ്സിഡി തുക മുൻകൂറായി എഫ്.സി.ഐ-യിൽ ഒടുക്കുന്നതൊഴിവാക്കി ഗുണഭോക്താക്കൾ കൈപ്പറ്റുന്ന ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി തുക നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനുള്ള പുതിയ പദ്ധതിയാണ് വിഭാവനം ചെയ്യുന്നതെന്നും റേഷൻ സബ്സിഡിയിനത്തിൽ എഫ്.സി.ഐ-ക്ക് നൽകാൻ കുടിശ്ശികയൊന്നുമില്ലെന്നും 2012 നവംബർ മാസത്തിൽ കുത്തരി വിതരണം ചെയ്ത വകയിൽ 13,20,11,000 (പതിമൂന്ന് കോടി ഇരുപത് ലക്ഷത്തിപതിനൊന്നായിരം) രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ടെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനം ഒരു വർഷം ഏതാണ്ട് 700 കോടിയോളം രൂപ സബ്സിഡി ഇനത്തിൽ കൊടുക്കുന്നത് യഥാർത്ഥ ഗുണഭോക്താക്കളിലേയ്ക്ക് എത്തുന്നില്ല. അതൊഴിവാക്കാനാണ് സബ്സിഡി ബാങ്ക് വഴി വിതരണം ചെയ്യാനുള്ള തീരുമാനമെടുത്തത്. ഇത്തരത്തിൽ ബാങ്ക് വഴി വിതരണം ചെയ്യുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് വിശദമായ ചർച്ചകളും കൂടിയാലോചനകളും നടത്തി അതിന്റെ മൊഡാലിറ്റീസ് ഫിക്സ് ചെയ്ത് ജനങ്ങളിൽ ബോധവത്കരണം നടത്തിയ ശേഷം മാത്രമേ ഇത് നടപ്പിലാക്കൂവെന്ന് മന്ത്രി വ്യക്തമാക്കി. പലവ്യഞ്ജനങ്ങൾ മാവേലി സ്റ്റോർ വഴിയാണ് വിതരണം ചെയ്യുന്നതെന്നും റേഷൻ വ്യാപാരികൾക്കും മൊത്ത വ്യാപാരികൾക്കും കൊടുക്കാനുള്ള കുടിശ്ശിക ഉടനെ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിത്യരോഗികളായിട്ടുള്ളവരും ജീവിക്കാൻ മറ്റ് മാർഗ്ഗമില്ലാത്തവരുമായ ആളുകൾക്ക് ജില്ലാ കളക്ടർമാരുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. കാർഡുകൾ ഇഷ്യു ചെയ്യുന്നുണ്ടെന്നും ഉപചോദ്യ

ങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സബ്സിഡി ബാങ്കുവഴി വിതരണം ചെയ്യുന്ന കാര്യത്തിൽ ഒരാശങ്കയ്ക്കും അടിസ്ഥാനമില്ലെന്നും എല്ലാവരെയും വിശ്വാസത്തിലെടുത്തുകൊണ്ട് ചർച്ചകൾ നടത്തിയതിനുശേഷം മാത്രമേ ഇത് നടപ്പിലാക്കൂവെന്നും ട്രാൻസിറ്റ് ഡാമേജ് മൂലം ഭക്ഷ്യയോഗ്യമല്ലാത്ത 43 ചാക്ക് (1.984 മെട്രിക് ടൺ) അരിയാണ് എഫ്.സി.ഐ. ഗോഡൗണിൽ നശിപ്പി ച്ചതെന്നും അത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങളിലിട പെട്ടുകൊണ്ട് മുഖ്യമന്ത്രി സഭയെ അറിയിച്ചു.

10 (*93) <u>ഓപ്പൺ മാർക്കറ്റ് സെയിൽ സ്കീം</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഓപ്പൺ മാർക്കറ്റ് സെയിൽ സ്കീം പ്രകാരം അനുവദിക്കുന്ന അരിയുടെയും ഗോതമ്പിന്റെയും വില വർദ്ധിച്ചിട്ടുണ്ടെന്നും എന്നാൽ ഇതുമൂലം എ.പി.എൽ/ബി.പി.എൽ. റേഷൻ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടില്ലെന്നും സഭയെ അറിയിച്ചു. എഫ്.സി.ഐ.യിൽനിന്ന് ഗുണനിലവാരമുള്ള ഭക്ഷ്യയോഗ്യമായ അരി ആവ ശ്യമായ പരിശോധനയ്ക്ക് ശേഷമാണ് വിതരണത്തിനെടുത്ത് ഒ.എം.എസ് സ്കീം വഴി ലഭ്യമാക്കുന്നത്. ഗവൺമെന്റ് ഈടാക്കിയിരുന്ന പ്രൈസ് ഈക്വ ലൈസേഷൻ ചാർജ് മാറ്റിയിട്ടുണ്ടെന്നും ടാക്സുകൾ കുറച്ചും സബ്സിഡി വർദ്ധിപ്പിച്ചും അരിയുടെ വില കുറയ്ക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാ രിന് സമർപ്പിക്കുന്ന കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കാമെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11 (*94) <u>ദുരന്ത നിവാരണം</u>

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, സംസ്ഥാനതലത്തിൽ ദുരന്തനിവാരണത്തിനായി പതിമൂന്നാം ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിലേയ്ക്ക് രൂപീകരിച്ചിട്ടുള്ള 75% കേന്ദ്രവിഹിതവും 25% സംസ്ഥാന വിഹിതവും ഉൾപ്പെടുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധി (State Disaster Response Fund) യാണ് നിലവിലുള്ളതെന്ന് സഭയെ അറിയിച്ചു. ഓരോ വർഷവും സംസ്ഥാനത്തുണ്ടാകുന്ന രൂക്ഷമായ പ്രകൃതിക്ഷോഭം നേരിടാൻ ഈ നിധിയിൽ നിന്നുള്ള തുക അപര്യാപ്തമാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ പ്രത്യേക അപേക്ഷ പരിഗണിച്ച് കേന്ദ്രസർക്കാരിന്റെ അധിക ധനസഹായം അനുവദിച്ച് നൽകാറുണ്ട്. ഓരോ വർഷവും ഉണ്ടാകുന്ന വെള്ളപ്പൊക്കം, വരൾച്ച തുടങ്ങി സംസ്ഥാനം അഭിമുഖീകരിക്കേണ്ടിവരുന്ന രൂക്ഷമായ പ്രകൃതിക്ഷോഭങ്ങൾ നേരിടാൻ സംസ്ഥാന സർക്കാർ ഇപ്രകാരം മെമ്മോറാണ്ടം വഴി അധിക കേന്ദ്ര സഹായം നേടിയെടുക്കാറുണ്ട്. ദുരന്ത നിവാരണ അതോറിറ്റി മുൻകൈയെടുത്ത് സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും സാധാരണ ജനങ്ങൾക്ക് അവബോധം ലഭിക്കുന്നതിനായി വിവിധ തരത്തിലുള്ള ശാക്തീകരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി സുരക്ഷായനം 2012, സുരക്ഷിത കേരളം റോഡ്ഷോ, അന്താരാഷ്ട്ര ദുരന്ത നിവാരണ ദിനാചരണം, മോക്ക് ഡ്രില്ലുകൾ, റവന്യൂ ജീവനക്കാരുടെ നാടകം, തെരുവ് നാടകം, പദയാത്രകൾ, സ്കൂൾ കുട്ടികൾക്ക് പെയിന്റിംഗ്, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രൂക്ഷമായ വരൾച്ച

യുണ്ടാകാനുള്ള സാധ്യതകൾ കാണുന്ന സാഹചര്യത്തിൽ അത് നേരിടുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

12(*95) സാങ്കേതിക സർവ്വകലാശാല

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടെന്നും ഇത് സർക്കാരിന്റെ ഒരു വർഷ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നടപടികൾ മുന്നോട്ടുപോയിട്ടുള്ളതാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും ഫലപ്രദമായ നിയന്ത്രണ സംവിധാനം സൃഷ്ടിക്കുന്നതിനും എഞ്ചിനീയറിംഗ് ബിരുദധാരികളുടെ ഗുണമേന്മയും തൊഴിൽ വൈദഗ്ദ്ധ്യവും ഉറപ്പുവരുത്തുന്നതിനും ഗവേഷണത്തിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കിയെടുക്കുന്നതിനും അഫിലിയേറ്റഡ് സമ്പ്രദായത്തിലെ നിലവിലുള്ള പാകപ്പിഴകൾ പരിഹരിക്കുന്നതിനും ഇതുകൊണ്ട് ഉദ്ദേശിക്കുന്നു. യൂണിവേഴ്സിറ്റി നിഷ്കർഷിക്കുന്ന തരത്തിൽ ഗുണനിലവാരമുള്ള കോളേജുകളെ മാത്രമേ സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യുകയുള്ളുവെന്നും സാങ്കേതിക സർവ്വകലാശാല ആക്റ്റിന്റെ കരട് സർക്കാർ പരിശോധിച്ചുവരികയാണെന്നും സർവ്വകലാശാല

ഹെഡ്ക്വാർട്ടേഴ്സ് രൂപീകരിക്കുന്നതിനും പരീക്ഷാനടത്തിപ്പിനുമായി 2012-13 വർഷത്തെ ബഡ്ജറ്റിൽ 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 96 മുതൽ 120 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1057 മുതൽ 1436 വരെയുള്ള ചോദ്യങ്ങളിൽ 95 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)